**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി യോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2023 ജനുവരി മാസം ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡിയുടെ യോഗം ചേർന്നിരുന്നോ; അറിയിക്കുമോ; | (എ) | 2023 ജനുവരി 11 ന് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ 36-ാമത് ഗവേണിംഗ് ബോഡി യോഗം കൂടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തിരുന്നു; അറിയിക്കുമോ; | (ബി) | പ്രസ്തുത യോഗത്തിൽ കേരള ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി ചെയർമാൻ, വൈസ് ചെയർമാൻ ഉൾപ്പെടെ 8 അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുള്ള മിനിറ്റ്സിൽ ലഭ്യമാണ്. |
| (സി) | യോഗത്തിൽ പരിഗണിച്ച അജണ്ടയുടെ വിശദവിവരം നൽകുമോ; | (സി) | യോഗത്തിൽ ഹൈഡൽ ടൂറിസത്തിന്റെ ഭരണപരമായ വിഷയങ്ങൾ ഉൾപ്പെടുത്തിയ 18 അജണ്ടകൾ ചർച്ച ചെയ്തിരുന്നു. |
| (ഡി) | 2023 ജനുവരി മാസം കൂടിയ ഹൈഡൽ ടൂറിസം ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# കേരള ഹൈഡൽ ടൂറിസം സെന്റർ

Hydel Tourism

## 36–ാ മത്

## ഗവേണിംഗ് ബോഡി യോഗം

## മിനിറ്റ്സ്

**11 ജനുവരി 2023**

**11.01.2023 രാവിലെ 11.30 ന് അനർട്ടിലെ കോൺഫറൻസ് ഹാളിൽ വച്ച് കൂടിയ കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ 36 -ാ മത് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിറ്റ്സ്**

ബഹു: വൈദ്യുതി മന്ത്രി ശ്രീ. കെ.കൃഷ്ണൻകുട്ടി അവർകളുടെ അദ്ധ്യക്ഷതയിൽ അനർട്ടിലെ കോൺഫറൻസ് ഹാളിൽ വച്ച് 11.01.2023 ന് രാവിലെ 11.30 മണിക്ക് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഗവേണിംഗ് ബോഡി യോഗം കൂടുകയുണ്ടായി. താഴെപറയുന്ന അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ. കെ.കൃഷ്ണൻകുട്ടി, ബഹു: വൈദ്യുതി വകുപ്പ് മന്ത്രി & ചെയർമാൻ കെ.എച്ച്.റ്റി.സി
2. ഡോ. രാജൻ ഖോബ്രഗഡെ ഐ.എ.എസ് (സി.എം.ഡി) കെ.എസ്.ഇ.ബി.എൽ & വൈസ് ചെയർമാൻ കെ.എച്ച്.റ്റി.സി
3. ശ്രീ. സുരേഷ്കുമാർ. സി (ഡയറക്ടർ-ഡിസ്ട്രിബ്യൂഷൻ & ഐ.റ്റി, എസ്.സി.എം) - ഗവേണിംഗ് ബോഡി അംഗം, കെ.എച്ച്.റ്റി.സി
4. ശ്രീ. രാധാകൃഷ്ണൻ. ജി (ഡയറക്ടർ - ജനറേഷൻ സിവിൽ) - ഗവേണിംഗ് ബോഡി അംഗം, കെ.എച്ച്.റ്റി.സി
5. ശ്രീ. സിജി ജോസ് (ഡയറക്ടർ - ജനറേഷൻ ഇലക്ട്രിക്കൽ) - ഗവേണിംഗ് ബോഡി അംഗം, കെ.എച്ച്.റ്റി.സി
6. ഡോ. ആനന്ദ് (ഡയറക്ടർ - ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻസ്) - ഗവേണിംഗ് ബോഡി അംഗം, കെ.എച്ച്.റ്റി.സി
7. ശ്രീ. റാം മഹേഷ് (പി.ആർ.ഒ, കെ.എസ്.ഇ.ബി.എൽ) - ഗവേണിംഗ് ബോഡി അംഗം, കെ.എച്ച്.റ്റി.സി
8. ശ്രീ. നരേന്ദ്ര നാഥ് വെലൂരി, ഐ.എഫ്.എസ് (ഡയറക്ടർ) കേരള ഹൈഡൽ ടൂറിസം സെന്റർ.

ഹൈഡൽ ടൂറിസം ചെയർമാനായ ബഹു: വൈദ്യുതി വകുപ്പ് മന്ത്രി എല്ലാ ഗവേണിംഗ് ബോഡി മെമ്പർമാരെയും യോഗത്തിലേയ്ക്ക് സ്വാഗതം ചെയ്തു. പ്രാഥമികമായ ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന അജണ്ടകളിൻമേൽ വിശദമായ ചർച്ച നടത്തി.

DIRECTOR
Kerala Hydel Tourism Centre
4th Floor, ... Bhavanam,
Pattom P.O., ...nanthapuram-4

CMD
KSEB

**അജണ്ട – 36.1**

23.03.2022 ൽ കൂടിയ ഗവേണിംഗ്ബോഡി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.

**അജണ്ട – 36.2**

23.03.2022ൽ കൂടിയ ഗവേണിംഗ് ബോഡി യോഗത്തിന്റെ തീരുമാനങ്ങളിൻ മേൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് യോഗത്തിൽ വിശദമായിചർച്ച ചെയ്തു.

ചർച്ചയിലെ പ്രധാന നിർദ്ദേശങ്ങൾ:-

- ഹൈഡൽ ടൂറിസം സി എർത്തുമായി ഉണ്ടാക്കിയ കൺസൽട്ടൻസി കരാർ അവസാനിപ്പിച്ചതായി കണക്കാക്കാമെന്ന് യോഗം തീരുമാനിച്ചു.
- ആഢ്യൻപാറ ഹൈഡൽ ടൂറിസത്തിൽ സ്ഥാപിച്ചിട്ടുള്ള വാച്ച് ടവർ സുരക്ഷയുടെ കാര്യത്തിൽ വിട്ടുവീഴ്ച പാടില്ലെന്നും സേഫ്റ്റിയെ കുറിച്ച് പഠനം നടത്തുന്നതിന് കെ.എസ്.ഇ.ബിയിൽ നിന്നും ഒര് ടീം സ്ഥലം സന്ദർശിച്ച് അവർ തരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ തുകയിൽ വാച്ച് ടവർ ബലപ്പെടുത്തുകയോ സ്ക്രാപ്പ് ആയി മാറ്റുകയോ ചെയ്യണമെന്നുമുള്ള കെ.എസ്.ഇ.ബി ചെയർമാന്റെ നിർദ്ദേശം യോഗം അംഗീകരിച്ചു.
- ടൂറിസം വികസനത്തിന്റെ ഭാഗമായി വിവിധ സൊസൈറ്റികൾക്ക് ഭൂമി പാട്ടത്തിന് നൽകിയതു സംബന്ധിച്ച് കഴിഞ്ഞ ഗവേണിംഗ് ബോഡി & എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗുകളിലെ തീരുമാനങ്ങൾ യോഗം അംഗീകരിച്ചു. ഭൂമി സബ് ലീസിന് നൽകിയത് സംബന്ധിച്ച് കരാറുകളിലെ വ്യവസ്ഥകളിൻ മേൽ നിയമോപദേശം തേടിയശേഷം കരാറുകൾ റദ്ദാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതുവരെ പ്രവർത്തനം ആരംഭിക്കാത്തതും, നിയമസാധുത ഇല്ലാതെ പ്രവർത്തിക്കുന്നതുമായ കരാറുകൾ അവസാനിപ്പിക്കുന്നതിന് നടപടി ആരംഭിക്കുന്നതിന് യോഗം നിർദ്ദേശിച്ചു.

മറ്റ് അജണ്ടകളിൽ മേൽ സ്വീകരിച്ച നടപടികൾ യോഗം അംഗീകരിച്ചു.

**അജണ്ട – 36.3**

2022-23 സാമ്പത്തിക വർഷത്തിൽ ചെയ്ത പ്രധാന പ്രവർത്തനങ്ങളുടെ റിപ്പോർട്ട്

2022-23 സാമ്പത്തിക വർഷത്തിൽ സെന്ററുകളിൽ നടപ്പിൽ വരുത്തിയ പ്രധാന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് യോഗം ചർച്ചചെയ്തു.

N — Waw
DIRECTOR
Kerala Hydel Tourism Centre
4th Floor, Vydyuthi Bhavanam,

CMD
KSEB

- ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത ശേഷം ശരിയായ സിസ്റ്റം പാലിക്കാത്തതിനാലാണ് ഹൈഡൽ ടൂറിസത്തിന് ഇൻകം ടാക്സ് ഉൾപ്പെടെ അടയ്ക്കേണ്ട സാഹചര്യം ഉണ്ടായതെന്ന് കെ.എസ്.ഇ.ബി ചെയർമാൻ പരാമർശിച്ചു. മുൻകാലങ്ങളിൽ ഇത്തരത്തിൽ പ്രവർത്തിച്ചതിനെ ഹൈഡൽ ടൂറിസം ചെയർമാൻ വിമർശിച്ചു.
- പ്രശ്നങ്ങൾ പരിഹരിച്ച ശേഷം ഒരു നിശ്ചിത ശതമാനം കെ.എസ്.ഇ.ബിക്ക് വരുമാന വിഹിതമായി നൽകണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.
- മറ്റ് പ്രവർത്തനങ്ങൾ യോഗം അംഗീകരിച്ചു.

**അജണ്ട – 36.04**

**2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിനായി പുതിയ ഓഡിറ്ററെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച്**

**തീരുമാനം**

പുതിയ ഓഡിറ്ററെ തെരഞ്ഞെടുക്കുന്നതിന് യോഗം അനുമതി നൽകി. ഓഡിറ്റ് റിപ്പോർട്ടിൽ ലാഭം ഉണ്ടാകുന്നതും നഷ്ടം ഉണ്ടാകുന്നതുമായ മേഖലകൾ കൃത്യമായി ഓഡിറ്റർ ചൂണ്ടികാട്ടണമെന്നും ഓഡിറ്റ് ഒബ്സർവ്വേഷൻ കൃത്യമായി ഉണ്ടാകണമെന്നും ചെയർമാൻ നിർദ്ദേശിച്ചു. ഇന്റേർണൽ ഓഡിറ്റ് നടത്തണമെന്നും സി.എ.ജി ഓഡിറ്റ് നിഷ്കർഷിക്കുന്ന മാർഗ്ഗരേഖ പ്രകാരം പരസ്യം നൽകി ഓഡിറ്ററെ തെരഞ്ഞെടുക്കുന്നതിനും യോഗം നിർദ്ദേശിച്ചു.

**അജണ്ട – 36.05**

**ഹൈഡൽ ടൂറിസം സ്റ്റാന്റിംഗ് കൗൺസിലിനെ മാറ്റി നിയമിക്കുന്നത്**

**തീരുമാനം**

ഗവൺമെന്റ് പ്ലീഡർ മാരുമായി ചർച്ച ചെയ്ത് ജീവനക്കാരുടെ പ്രശ്നങ്ങൾ, ടെന്റർ, ലീഗൽ, സിവിൽ തുടങ്ങി ധാരാളം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രഗത്ഭരായ അഡ്വക്കേറ്റ്സിനെ കണ്ടുപിടിച്ച് കുറഞ്ഞ തുകയ്ക്ക് കെ.എച്ച്.ടി.സിക്ക് വേണ്ടി കൂടുതൽ സമയം ചിലവഴിക്കാൻ കഴിയുന്ന ഒരു അഡ്വക്കേറ്റിനെ തെരഞ്ഞെടുക്കുന്നതിന് ഡയറക്ടറോട് ചെയർമാൻ നിർദ്ദേശിച്ചു.

DIRECTOR
Kerala H[illegible] Centre
4th Floor [illegible]
Pattom P.O. [illegible]

CMD
KSEB

**അജണ്ട 36.6**

**മാട്ടുപ്പെട്ടിയിൽ ബിയർ & വൈൻ പാർലർ സംബന്ധിച്ച്**

**തീരുമാനം**

ഹൈഡൽ ടൂറിസം പ്രവർത്തന മേഖല വിട്ട് ബിയർ & വൈൻ പാർലർ നടത്തേണ്ടതില്ല എന്നും ഏതെങ്കിലും വിധത്തിൽ പ്രശ്നങ്ങൾ ഉണ്ടായാൽ അത് ഹൈഡൽ ടൂറിസത്തെയും കെ.എസ്.ഇ.ബിയെ യും മോശമായി ബാധിക്കുമെന്നും അതിനാൽ ബിയർ & വൈൻ പാർലർ അനുമതി നൽകേണ്ടതില്ല എന്ന വൈസ് ചെയർമാന്റെ നിർദ്ദേശം യോഗം അംഗീകരിച്ചു. കെ.എസ്.ഇ.ബി ഭൂമി 20 വർഷത്തേയ്ക്ക് നടത്തിപ്പവകാശം നൽകി കരാർ വച്ചത് തെറ്റായ തീരുമാനമാണെന്നും നിയമോപദേശം നേടിയശേഷം മേൽ കരാർ തുടരുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാമെന്നും യോഗത്തിൽ തീരുമാനമായി.

**അജണ്ട – 36.7**

**ഹൈഡൽ ടൂറിസം 21.01.2021 ൽ കൂടിയ യോഗത്തിന്റെ അജണ്ട 10 ന്റെ തീരുമാനം റദ്ദുചെയ്യുന്നത് സംബന്ധിച്ച്**

**തീരുമാനം**

ഹൈഡൽ ടൂറിസത്തിന് കീഴിലെ എല്ലാ സെന്ററുകളിലും കരാർ കാലാവധി അവസാനിച്ച എല്ലാ സംരംഭങ്ങളുടെയും ടെന്റർ നടത്തുന്നത് സംബന്ധിച്ച് 23.03.2022 ലെ ഗവേണിംഗ് ബോഡി യോഗ തീരുമാനം അന്തിമമാക്കി കൊണ്ട് 21.01.2021 ൽ കൂടിയ ഗവേണിംഗ് ബോഡി യോഗം അജണ്ട നമ്പർ 10 തീരുമാനം റദ്ദാക്കുന്നതിന് യോഗം തീരുമാനിച്ചു. അജണ്ട നമ്പർ 10 തീരുമാനം റദ്ദാക്കിയതായി ചെയർമാൻ യോഗത്തെ അറിയിച്ചു.

**അജണ്ട – 36.8**

**ശെങ്കുളം ബോട്ടിംഗ് സെന്ററിൽ ബോട്ടിംഗ് നിർത്തി വച്ചത് സംബന്ധിച്ച്**

**തീരുമാനം**

- ശെങ്കുളം ഡാമിൽ അറ്റകുറ്റപണികൾ നടക്കുന്നതിനാൽ അടഞ്ഞു കിടക്കുന്ന കാലയളവിലെ ഷോപ്പിന്റെ വാടക ഒഴിവാക്കി നൽകുന്നതിന് യോഗം തീരുമാനിച്ചു. കരാർ നീട്ടിനൽകുന്ന കാര്യം നിലവിൽ അംഗീകരിച്ചിട്ടില്ല.

DIRECTOR
Kerala Hydel Tourism Centre
4th Floor, Vydhuthi Bhavanam,
Pattom P.O., Thiruvananthapuram-4

CMD
KSEB

ം ശെങ്കുളം ഡാമിൽ അറ്റകുറ്റപണികൾ കഴിഞ്ഞ് പ്രവർത്തനം ആരംഭിക്കുന്നതു വരെയുള്ള കാലയളവിൽ മൂന്നാർ ഹൈഡൽ പാർക്കിൽ വാട്ടർ സ്പോർട്സ് ആക്റ്റിവിറ്റി നടത്തുന്നതിന് പെരിയാർ വാട്ടർ സ്പോർട്സിന് അനുമതി നൽകിയ തീരുമാനം യോഗം അംഗീകരിച്ചു.

**<u>അജണ്ട - 36.9</u>**

<u>മാട്ടുപ്പെട്ടി ബോട്ടിംഗ് സെന്ററിൽ ഡി.റ്റി.പി.സി പുതിയ പാസഞ്ചർ ബോട്ട് പ്രവർത്തനം നടത്തുന്നത് സംബന്ധിച്ച്</u>

**<u>തീരുമാനം</u>**

മാട്ടുപ്പെട്ടി ബോട്ടിംഗ് സെന്ററിൽ ഡി.റ്റി.പി.സി നടത്തുന്ന ബോട്ടിംഗ് പ്രവർത്തനങ്ങൾക്ക് കെ.എസ്.ഇ.ബി ഡാം സേഫ്റ്റി നിഷ്കർഷിക്കുന്ന സുരക്ഷാ മാർഗ്ഗരേഖകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തണമെന്നും അല്ലാത്തപക്ഷം തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കാൻ സാധിക്കുകയില്ലെന്നും കെ.എസ്.ഇ.ബി ചെയർമാൻ അറിയിച്ചു. കൂടാതെ നിശ്ചിത ശതമാനം വരുമാന വിഹിതമായി നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനമെടുക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

**<u>അജണ്ട - 36.10</u>**

<u>കല്ലാർകുട്ടി ഡാമിൽ - മുതിരപ്പുഴ ടൂറിസം & കൾച്ചറൽ സെന്ററിന് നൽകിയ കരാർ റദ്ദുചെയ്യുന്നത് സംബന്ധിച്ച്</u>

**<u>തീരുമാനം</u>**

വർഷങ്ങളായി പ്രവർത്തനം നടക്കാത്ത സാഹചര്യത്തിൽ കല്ലാർകുട്ടി ഡാമിൽ - മുതിരപ്പുഴ ടൂറിസം & കൾച്ചറൽ സെന്ററിന് നൽകിയ കരാർ റദ്ദാക്കുന്നതിന് 09.11.2022 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്ത തീരുമാനം യോഗം അംഗീകരിച്ചു.

**<u>അജണ്ട - 36.11</u>**

<u>തിരുവനന്തപുരം ലോവർ മീൻമുട്ടി ഹൈഡൽ ടൂറിസം സംബന്ധിച്ച്.</u>

**<u>തീരുമാനം</u>**

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പാലോട് ലോവർ മീൻമുട്ടി പ്രവർത്തനം അവസാനിപ്പിക്കുന്നതിനും ജീവനക്കാരെയും ബോട്ടുകളും മറ്റ് ഉപകരണങ്ങളും

DIRECTOR
Kerala Hydel Tourism Centre
4th Floor, Vydyuthi Bhavanam,
Pattom P.O., Thiruvananthapuram-4

CMD
KSEB

മറ്റു സെന്ററുകളിലേക്ക് മാറ്റുന്നതിനും കഴിഞ്ഞ ഗവേണിംഗ് ബോഡിയിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിന് യോഗം അനുവാദം നൽകി.

**അജണ്ട – 36.12**

**ടൂറിസം ഇൻസ്പെക്ടർ ഓപ്പറേഷൻസ് തസ്തിക സംബന്ധിച്ച്**

**തീരുമാനം**

ടൂറിസം ഇൻസ്പെക്ടർ ഓപ്പറേഷൻസ് എന്ന തസ്തികകൊണ്ട് ഹൈഡൽ ടൂറിസത്തിന് കാര്യമായ പ്രയോജനം ഇല്ലാത്ത സാഹചര്യത്തിൽ ഇതൊരു അധിക തസ്തികയായി കണക്കാക്കി ഹൈഡൽ ടൂറിസത്തിൽ നിന്നും ടൂറിസം ഇൻസ്പെക്ടർ ഓപ്പറേഷൻസ് എന്ന തസ്തിക ഇല്ലാതാക്കുന്നതിനും മേൽ തസ്തികയിൽ ജോലിചെയ്യുന്ന രണ്ടുപേരേയും അവർക്ക് ഈ തസ്തിക അനുവദിക്കുന്നതിന് മുൻപ് ജോലിചെയ്തിരുന്ന തസ്തികയിലേക്ക് മാറ്റി നിയമിക്കുന്നതിനും യോഗം തീരുമാനിച്ചു.

**അജണ്ട – 36.13**

**ഹൈഡൽ ടൂറിസം ബൈലോക്ക് എതിരായി മറ്റൊരു സ്ഥാപനത്തിലെ ഭരണ സമിതി അംഗമായി പ്രവർത്തിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം**

മൂന്നാർ ഹൈഡൽ പാർക്കിൽ വാടക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ടൂറിസം എൻവയോൺമെന്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഭാരവാഹിത്വം വഹിക്കുന്ന ഹൈഡൽ ടൂറിസം ജീവനക്കാർ ഹൈഡൽ ടൂറിസം ബൈലോക്ക് എതിരായി പ്രവർത്തിക്കുന്നതായി തെളിഞ്ഞ സാഹചര്യത്തിൽ നിയമപരമല്ലാതെ പ്രവർത്തിക്കുന്ന മേൽ സൊസൈറ്റിയുമായുള്ള കരാർ റദ്ദുചെയ്യുന്നതിനും ജീവനക്കാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും യോഗം നിർദ്ദേശിച്ചു.

**അജണ്ട – 36.14**

**ഹൈഡൽ ടൂറിസത്തിലെ ഫയലുകൾ ഡിജിറ്റലാക്കുന്നത് സംബന്ധിച്ച്**

**തീരുമാനം**

ഹൈഡൽ ടൂറിസം ഹെഡ് ഓഫീസിലെ ഫയലുകൾ ഡിജിറ്റലാക്കി ഹാർഡ് ഡിസ്കിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് യോഗം

DIRECTOR
Kerala Hydel Tourism Centre
4th Floor, Vydyuthi Bhavanam,
Pattom P.O., Thiruvananthapuram-4

CMD
KSEB

അംഗീകാരം നൽകി. ഹൈഡൽ ടൂറിസത്തിലെ വർക്കുകളുടെ സ്വഭാവവും ഇനവും തിരിച്ചുള്ള പട്ടിക തയ്യാറാക്കി എല്ലാ ഫയലുകളും പൂർണ്ണമായും കംപ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചു.

**അജണ്ട – 36.15**

**ഹെഡ് ഓഫീസ് അറ്റകുറ്റപണികളും പുന:ക്രമീകരണവും സംബന്ധിച്ച്**

**തീരുമാനം**

ചെറിയ മുതൽ മുടക്കിൽ ഹൈഡൽ ടൂറിസം ഹെഡ് ഓഫീസിലെ അറ്റകുറ്റപണികൾ നടത്തുന്നതിന് യോഗം അംഗീകാരം നൽകി.

**അജണ്ട – 36.16**

**ഹൈഡൽ ടൂറിസത്തിന് പുതിയ സേവിംഗ്സ് ബാങ്ക്അക്കൗണ്ട് ആരംഭിക്കുന്നത് സംബന്ധിച്ച്**

**തീരുമാനം**

ഹൈഡൽ ടൂറിസത്തിന് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് യോഗം അംഗീകാരം നൽകി. സ്വകാര്യ ബാങ്കുകളിൽ ബാങ്കുകളിൽ അക്കൗണ്ട് ആരംഭിക്കേണ്ടതില്ലെന്നും കേരള ബാങ്ക് പരിഗണിക്കാമെന്നും ചെയർമാൻ നിർദ്ദേശിച്ചു. വിവിധ ബാങ്കുകകളിൽ നിന്നും പ്രൊപ്പോസൽ സ്വീകരിച്ച ശേഷം കൂടുതൽ പലിശയും മറ്റു സൗകര്യ ങ്ങളും ലഭിക്കുന്ന ബാങ്കിനെ തെരഞ്ഞെടുക്കാമെന്ന് യോഗം തീരുമാനിച്ചു. ഹൈഡൽ ടൂറിസം ബൈലോ പ്രകാരം പൊതുമേഖലാ ബാങ്കുകളിൽ മാത്രമേ അക്കൗണ്ട് പാടുള്ളു എന്ന് നിഷ്കർഷിച്ചിട്ടുള്ളത് ബൈലോ ഭേദഗതിയിലൂടെ സഹകരണ ബാങ്കുകളെകൂടി ഉൾപ്പെടുത്തി മാറ്റംവരുത്തണമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

**അജണ്ട – 36.17**

**അടുത്ത ഒരു വർഷത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച്**

**തീരുമാനം**

2023-24 സാമ്പത്തിക വർഷത്തിൽ ഹൈഡൽ ടൂറിസത്തിന്റെ വിവിധ സെന്ററുകളിൽ നടപ്പിൽ വരുത്തേണ്ട പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തു. സന്ദർശകർക്കുള്ള വാഹന പാർക്കിംഗ് സൗകര്യം വികസിപ്പിക്കുന്നതു സംബന്ധിച്ചും നൂതന സംവിധാനങ്ങളോടുകൂടിയ

DIRECTOR
Kerala Hydel Tourism Centre
4th Floor, Vydyuthi Bhavanam,
Pattom P.O., Thiruvananthapuram-4

CMD
KSEB

ടോയ്‌ലറ്റ് നിർമ്മിക്കുന്നതു സംബന്ധിച്ചും യോഗം ചർച്ചചെയ്തു. വിവിധ സെന്ററുകളിലെ ടൂറിസം പ്രവർത്തനങ്ങളിൽ വ്യത്യസ്ഥത കൊണ്ടുവരുന്നതു സംബന്ധിച്ചും സെന്ററുകൾ കൂടുതൽ മനോഹരമാക്കുന്നതിനും നല്ല രീതിയിലുള്ള മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനും കൂടുതൽ പദ്ധതികൾ കൊണ്ടുവരുന്നത് സംബന്ധിച്ച ഹൈഡൽ ടൂറിസം ഡയറക്ടറുടെ അഭിപ്രാങ്ങൾ യോഗം അംഗീകരിച്ചു.

പ്രകൃതി മലിനീകരണം കുറയ്ക്കുന്നതിനായി ഇലക്ട്രിക് എഞ്ചിനുകൾ ഉപയോഗം സംബന്ധിച്ച് വിശദമായിപഠിച്ചശേഷം കാലക്രമേണ ഇന്ധന എഞ്ചിനുകൾ ഒഴിവാക്കി ചിലവു കുറഞ്ഞ രീതിയിൽ ഇലക്ട്രിക് ബോട്ട് എഞ്ചിനുകൾ ഉപയോഗം ആരംഭിക്കുന്നതിന് യോഗം നിർദ്ദേശിച്ചു.

കൂടാതെ ജില്ലകളിൽ ടൂറിസം പ്ലാൻ തയ്യാറാക്കുന്നതിനായി ടൂറിസം, വനം, തദ്ദേശ സ്വയംഭരണ വകുപ്പുകളെ കൂടി ഉൾപ്പെടത്തി ഒരു ജില്ലാതല യോഗം വിളിച്ചു ചേർത്ത് ടൂറിസം പ്ലാൻ തയ്യാറാക്കണമെന്നും ഇതിനായി കൃത്യമായ റിപ്പോർട്ട് തയ്യാറാക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു. ഇതിനായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഹൈഡൽ ടൂറിസം ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

**അജണ്ട – 36.18**

**ബാണാസുരസാഗർ ഹൈഡൽ ടൂറിസം-പരിസരപ്രദേശങ്ങളിലെ ഹോട്ടലുകൾ/ റിസോർട്ടുകളുമായി ചേർന്ന് ടൂറിസം പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ച്**

**തീരുമാനം**

ബാണാസുരസാഗർ ടൂറിസം പ്ലാൻ നടപ്പിലാക്കുന്നതിനായി പദ്ധതി സംബന്ധിച്ച് ഹോട്ടൽ /റിസോട്ടുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് യോഗം ഹൈഡൽ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ടയിൽ ഇല്ലാത്ത ചർച്ചയിലെ മറ്റ് നിർദ്ദേശങ്ങൾ**

- ചെലവുകുറഞ്ഞ രീതിയിൽ പ്രകൃതി സൗഹൃദമായ ഫാം ടൂറിസം നടപ്പിലാക്കാനുള്ള സാധ്യത പഠിക്കുന്നതിന് ചെയർമാൻ നിർദ്ദേശിച്ചു.
- എല്ലാ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഫുഡ് സേഫ്റ്റി പരിശോധന കൃത്യമായി നടക്കണമെന്ന് വൈസ് ചെയർമാൻ നിർദ്ദേശിച്ചു.
- മൂന്നാർ ബാണാസുര ടൂറിസം മേഖലയിലെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും ടൂറിസ്റ്റുകളുടെ വാഹനങ്ങളുടെ തിരക്കു കുറയ്ക്കുന്നതിനും ഓരോ സെന്ററിന്റെയും ക്യാരിയിംഗ് കപ്പാസിറ്റി വിശദമായി പഠിച്ച് ശേഷം ടൈം സ്ലോട്ട്

DIRECTOR
Kerala Hydel Tourism Centre
4th Floor, Vydyuthi Bhavanam,
Pattom P.O., Thiruvananthapuram-4

CMD
KSEB

നിശ്ചയിച്ച് സന്ദർശകർക്ക് നൽകുന്ന സംവിധാനം ഏർപ്പെടുത്തണമെന്നും വൈസ് ചെയർമാൻ നിർദ്ദേശിച്ചു. വനം വകുപ്പിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വനംവകുപ്പുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

○ കേരള ഹൈഡൽ ടൂറിസം ബൈലോ ഭേദഗതി വരുത്തുന്നതിന് അടുത്തയോഗത്തിൽ അജണ്ടയായി വയ്ക്കുന്നതിന് യോഗം നിർദ്ദേശിച്ചു.

യോഗം 1.25 ന് അവസാനിച്ചു.

ഡയറക്ടർ
കേരള ഹൈഡൽ ടൂറിസം സെന്റർ

വൈസ് ചെയർമാൻ
കേരള ഹൈഡൽ ടൂറിസം സെന്റർ

ചെയർമാൻ
കേരള ഹൈഡൽ ടൂറിസം സെന്റർ

OFFICE OF THE DIRECTOR KERALA HYDEL TOURISM CENTRE
PATTOM. TRIVANDRUM-4.
0471-2553640
VYDYUTHI BHAVANAM